# Eternal Life

## <u>നിത്യജീവൻ</u> (Malayalam)

*Jesus is the only name and no other name is given*
*For the salvation of man under the sky*
*Acts 4: 12*

Special Publication 03

All Simple Divine Truth Books Are Free
No Donations, No Payments
(No Registrations, No Mail Address
And No Names are needed)
Books are absolutely Free
Please Visit

Written by Mrs. Valsa Jacob
Published by > thesimpledivinetruth.org <

March 1, 2011

*Praise The Lord*

March 1, 2011
Mrs. Valsa Jacob

# നിത്യജീവൻ

## (EVER LASTING LIFE)

നിത്യജീവൻ എന്നാൽ – ഒരിയ്ക്കലും മരിക്കാത്ത ജീവനെന്നാണ്?

നിത്യജീവിതമെന്നാൽ – ഒരിയ്ക്കലും അവസാനിക്കാത്ത ജീവിതമെന്നാണ്.

ഇവ രണ്ടും മനുഷ്യന്റെ ജഡത്തിനുള്ളതല്ല. മനുഷ്യൻ ജനിച്ചാൽ മരിച്ചേ മതിയാകൂ. ജഡം പൂർണ്ണമായും നിശ്ചലമാകുമ്പോൾ അവൻ മരിക്കുന്നു. എന്നാൽ ആത്മാവ് മരിക്കുന്നില്ല.

മനുഷ്യൻ ദൈവ കല്പ്പനകളനുസരിച്ച് ജീവിച്ചാൽ, അവന്റെ ആത്മാവ് നിത്യജീവന് അർഹമാകും, അല്ലാത്തപക്ഷം അവന്റെ ആത്മാവ് നിത്യനരകത്തിലേക്ക് പോകുകയോ, ആത്മാവിന് മരണമോ സംഭവിക്കുന്നു. ഇത് തീരുമാനിക്കുന്നത് ദൈവമാണ്.

ഒരിയ്ക്കൽ ജനിക്കുന്ന മനുഷ്യാത്മാവ് വീണ്ടും ജനിക്കുന്നില്ല. ധാരാളം കഥകളിലും പുസ്തകങ്ങളിലും മനുഷ്യാത്മാവ് വീണ്ടും ജനിച്ച് പ്രതികാരം ചെയ്യുന്നതായി പ്രചരിപ്പിച്ചിട്ടുണ്ട്. മനുഷ്യനായും, മൃഗങ്ങളായും, പക്ഷികളായും ജനിച്ച്, ചെയ്ത പാപങ്ങൾ തീരുന്നതുവരെ ദുരിതമനുഭവിച്ച് തീർന്നശേഷമേ അവന്റെ ആത്മാവിന് സ്വസ്ഥത ഉണ്ടാകൂ എന്ന് ധാരാളം ആളുകൾ വിശ്വസിക്കുന്നു. ഇതു വെറും മിഥ്യയാണ്, യാതൊരുവിധമായ അടിസ്ഥാനവുമില്ല.

മനുഷ്യന്റെ ഭൂമിയിലെ ജീവിതത്തിന് അനുസരണമായ മരണാനന്തരജീവിതം ദൈവമാണ് നൽകുന്നത്. ഇതോടുകൂടി ഓരോ മനുഷ്യജീവിതവും പൂർണ്ണമാകുന്നു. അവർ ദൈവത്തിനെ സ്തുതിച്ചുകൊണ്ടിരിക്കുന്നു. ശൂന്യതയിൽ നിന്നും എല്ലാം സൃഷ്ടിക്കുന്ന ദൈവത്തിന് പുതിയ മനുഷ്യരെ സൃഷ്ടിക്കുവാൻ ഒരു പ്രയാസവും ഇല്ല.

ആത്മാക്കളുടെ ജീവിതത്തെക്കുറിച്ചുള്ള അറിവ് മനുഷ്യന്റെ കണ്ടുപിടിത്തമല്ല. എല്ലാ അറിവുകളും ദൈവം തന്നെ തന്റെ പ്രവാചകന്മാരിൽ കൂടി വെളിപ്പെടുത്തിയിട്ടുണ്ട്. അവയെല്ലാം വേദഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

നാം പ്രതീക്ഷിക്കുന്ന ചിലർ സ്വർഗ്ഗരാജ്യത്തിലെത്തുന്നില്ല. നാം പ്രതീക്ഷിക്കാത്ത ചിലർ അവിടെ എത്തുകയും ചെയ്യുന്നു. പലർക്കും ഈ വിഷയത്തെപ്പറ്റി ആഴത്തിൽ അറിയാൻ ആഗ്രഹമുണ്ട്. പരിശുദ്ധാത്മാവ് ഇത് വായിക്കുന്ന ഓരോരുത്തരിലും ഈ അന്ത്യകാലഘട്ടത്തിൽ ഇടപെടട്ടെ. എന്താണ് ദൈവവചനം? വചനം ദൈവമാണ്, ഈ വചനത്തിന്റെ സത്യം, നിത്യത, നിത്യജീവൻ ഇവ എന്താണെന്നും നമ്മെ പഠിപ്പിക്കട്ടെ.

ആദ്യം നാം ഈ ദൈവത്തിൽ വിശ്വസിക്കണം. യോഹന്നാൻ 1 : 12, ഇങ്ങനെ പറയുന്നു. ‘‘അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു’’. അപ്പോ സ്തലപ്രവൃത്തികൾ 4:12, പറയുന്നു ‘‘മറ്റൊരുത്തനിലും രക്ഷയില്ല. നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻകീഴിൽ മനുഷ്യരുടെയിടയിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല. 1 യോഹന്നാൻ 1: 9 ഇങ്ങനെ പറയുന്നു. ‘‘നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നുവെങ്കിൽ അവൻ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് സകല അനീതിയേയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും, നീതിമാനും ആകുന്നു. പാപം എത്ര വലുതാണെങ്കിലും അത് ഏറ്റു പറഞ്ഞ് അനുതപിക്കുകയും പിന്നീട് ചെയ്ത പാപങ്ങൾ, വീണ്ടും ആവർത്തിക്കപ്പെടാതെ, അന്ത്യം വരെ ജീവിതം സമർപ്പിച്ചാൽ, ആ സമർപ്പണത്തെ സ്വീകരിക്കു

കയും, അങ്ങനെ ചെയ്യുന്നവരെ, നീതിമാന്മാരായി കണക്കി ടുകയും സ്വർഗ്ഗരാജ്യത്തിൽ നിത്യത അനുഭവിക്കാൻ ഇടയാക്കുകയും ചെയ്യും. ഇതിന് വിശ്വാസം എന്ന കൃപ അത്യാന്താപേക്ഷിതമാണ്. വിശ്വസിക്കുന്നവരെ ദൈവം രക്ഷിക്കും.

ചോദ്യം ചെയ്യാതെ ഒരു കൊച്ചു കുഞ്ഞിനെപ്പോലെ വിശ്വസിക്കുക. ദൈവത്തിനെയല്ലാതെ വേറെ ഒന്നിനെയും ആരാധിക്കരുത്. ഇന്നു പലരും സൃഷ്ടികളെയാണ് ആരാധിക്കുന്നത്.

അത് ഏറ്റവും വലിയ തെറ്റാണ്. അങ്ങനെയുള്ള ആരാധധന ദൈവീകമല്ല. അവർക്ക് നിത്യജീവൻ ലഭിക്കുകയില്ല. അവർ നിത്യത കാണുകയുമില്ല.

ഈ ലോകത്തെ ഉണ്ടാക്കിയ ദൈവം ദൈവവിശ്വാസികളുടെ ഹൃദയത്തിൽ വസിക്കുന്നുണ്ട്. അവർക്ക് സംഭവിക്കാൻ പോകുന്ന കാര്യങ്ങൾ പറഞ്ഞുകൊടുക്കും. നല്ല വഴിയേ മറ്റുള്ളവരെ നടത്താൻ ത്രിത്വത്തിലെ മൂന്നാമനായ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നുണ്ട്.

എന്നാൽ വഴിവിട്ട്, എളുപ്പത്തിൽ ലാഭമുണ്ടാക്കാൻ മന്ത്രവാദത്തിന്റെയും ആഭിചാരത്തിന്റെയും മനുഷ്യദൈവങ്ങളുടെയും പുറകേ നടന്നാൽ കുടുംബം നശിക്കുക മാത്രമല്ല തലമുറ മുഴുവൻ നശിക്കാൻ കാരണമാകും. ഇതു വായിക്കുന്നവർ ആരെങ്കിലും ഈ പ്രവൃത്തികൾ തുടരുന്നുണ്ടെങ്കിൽ ഉടൻ തന്നെ ക്ഷമ പറഞ്ഞ്, അനുതപിച്ച്, ദൈവവിശ്വാസത്തിൽ വന്നാൽ, എത്ര കഷ്ടത വന്നാലും ഈ ദൈവം രക്ഷിയ്ക്കാതെ നോക്കിയിരിക്കയില്ല നിശ്ചയം. ആദവും ഹവ്വായും ചെയ്ത തെറ്റ് ഇനി ആവർത്തിക്കരുത്. പഴയനിയമകാലം പോയി. പുതിയ നിയമകാലം ആഗതമായി. യേശു, ക്രൂശിൽ യാതന അനുഭവിച്ച് അവസാന തുള്ളി രക്തം വരെ കൊടുത്ത് മരിച്ച് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു എന്ന് വിശ്വസിക്കുന്ന ഓരോരുത്തരിലും അത്ഭുതങ്ങളും അടയാളങ്ങളും, ക്രിസ്തു ജീവിച്ചപ്പോൾ നടന്നതു പോലെ ഇന്നും നടക്കുന്നു. അതേറ്റെടുത്തു, വിശ്വസിച്ചാൽ മാത്രമേ രക്ഷയുള്ളൂ, സ്വർഗ്ഗരാജ്യമുള്ളൂ, നിത്യതയുള്ളൂ.

ദൈവപാത വിട്ട ജീവിതം നിനക്കുണ്ടോ? കടന്നുവാ. നിന്നെ യേശു ഏറ്റെടുക്കും. മദ്യപാനമോ, മയക്കുമരുന്നാണോ, ആഭിചാരമാണോ, വ്യഭിചാരാസക്തിയാണോ, മോഷണമാണോ, കൊലയാളിയാണോ, മറ്റുള്ളവരുടെ നന്മയിൽ അസൂയപ്പെടുന്നയാളാണോ, പരദൂഷണസ്വഭവാക്കാരനാണോ, അന്യായ മാർഗ്ഗത്തിൽ പണമുണ്ടാക്കുന്ന ആളാണോ, പറയുന്നതൊന്നും ജീവിതത്തിൽ പ്രവർത്തിപ്പാൻ കഴിയാത്ത ആളാണോ, ദൈവമക്കളെ പരിഹസിച്ച് ശാപം കെട്ടി വയ്ക്കുന്ന വ്യക്തിയാണോ. സാരമില്ല. നീതിമാനാരുമില്ല. ഒരുത്തൻ പോലുമില്ലെന്ന്; ബൈബിൾ വ്യക്തമായി പറയുന്നു. എല്ലാത്തിനെയും ഉപേക്ഷിച്ച് പുതിയ സൃഷ്ടി ആയി മാറുക. ദൈവകൃപയിൽ ജീവിക്കാൻ തുടങ്ങുക. ദൈവമക്കളുമായി സംസർഗ്ഗം തുടങ്ങുക. ദൈവം നിന്നെ നിത്യരാജ്യത്തിൽ നിത്യത അനുഭവിപ്പിക്കും തീർച്ച. സമയം മാറ്റിവയ്ക്കരുത്.

കാലം പലതും വിളിച്ചു പറയുന്നു. ദിനപ്പത്രങ്ങളിൽ അത്യാഹിതങ്ങൾ സംഭവിച്ചുകൊ□ിരിക്കുന്നു. നാളെ നമുക്കിതു സംഭവിക്കരുത്. തെറ്റുകൾ ഏറ്റു പറയുക. നാളെയാകട്ടേ, നാളെയാകട്ടേ എന്നു പറഞ്ഞ് സമയം നീട്ടരുത്. ഇത് രക്ഷാ ദിവസമാണ്.

മത്തായി 19:16 . യേശു യാത്ര ചെയ്യുമ്പോൾ ഒരുവൻ ഓടിവന്ന് അവന്റെ മുന്നിൽ മുട്ടുകുത്തി. നല്ല ഗുരോ, നിത്യജീവനെ അവകാശമാക്കുവാൻ എന്തു ചെയ്യണമെന്ന് അവനോട് ചോദിച്ചു. യേശു അതിനുത്തരം കൊടുത്തു. എന്നാൽ അവന് ഒരു കുറവുണ്ടായിരുന്നു. ആ കുറവ് അവന് നിവർത്തിക്കാൻ പറ്റിയില്ല. അതിനാൽ അവൻ വിഷാദിച്ച് ദു:ഖിതനായി പോയെന്നാണ് വചനം പറയുന്നത്. നമ്മുടെ കുറവുകൾ നാം കാണണം. നാം എവിടെ വീണിരിക്കുന്നു? നമ്മുടെ കുറവെന്താണെന്ന് കണ്ടുപിടിച്ച് മാറ്റം വരുത്തുക. അല്ലെങ്കിൽ നിത്യജീവൻ നഷ്ടപ്പെടും. ഈ ലോകത്തിൽ എന്തു ധനമുണ്ടെങ്കിലും മക്കളെല്ലാം നല്ല നിലയിലാണെങ്കിലും എസ്റ്റേറ്റുകളും ബാങ്ക് ബാലൻസുകളും ഒട്ടേറേയാണെങ്കിലും, ദൈവം നമ്മുടെ കൂടെയില്ലെങ്കിൽ എല്ലാം പൂജ്യമാണ്. യോഹന്നാൻ 17: 2, ഇങ്ങനെ പറയുന്നു. നീ അവന് നൽകിയിട്ടുള്ളവയ്ക്കെല്ലാവർക്കും അവൻ നിത്യജീവനെ കൊടുക്കേണ്ടതിന് നീ സകല ജഡത്തിന്മേലും അവന് അധികാരം നൽകിയിരിക്കുന്നുവല്ലോ. റോമർ 5:21, ഇങ്ങനെ പറയുന്നു. ‘‘പാപം മരണത്താൽ

വാണതു പോലെ നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം നീതിയിൽ നിത്യജീവ നായി വാഴേണ്ടതിനു തന്നെ. പാപം ചെയ്യുന്നവർ നിത്യനരകത്തിലും യേശുവിലുള്ളവർ നിത്യ ജീവനായും തീരും. നിത്യജീവന്റെ അവസ്ഥ സ്വർഗ്ഗമാണ്. അവിടെ കഷ്ടതയില്ല, കണ്ണുനീരില്ല, നല്ലമുറികൾ, അലകൃതമായ രത്നക്കല്ലുകൾ, ഓരോരുത്തരും ഭൂമിയിൽ ചെയ്തതനുസരിച്ചുള്ള താമസസംവിധാനം.

നരകം – പുഴുമെത്തയായി, നരകിച്ച് യാതനയനുഭവിച്ച്, മരണം കഴിഞ്ഞാലും കഷ്ടതയിൽ ചാകാതെ ചത്ത് ജീവിക്കുന്ന തീയുടെ അനുഭവത്തിൽ, ഗന്ധകതീയിൽ എന്നും പിശാ ചിന്റെ കൂട്ടരുടെ കൂടെ വാഴണം. ഇതിൽ ഏത് തിരഞ്ഞെടുക്കണമെന്ന് ഓരോരുത്തരും ചിന്തിച്ചേ പറ്റൂ. കൂടിയാൽ ഒരു മനുഷ്യന് ഈ ഭൂമിയിൽ, 80 – 90 വയസ്സുവരെ, അങ്ങേയറ്റം ജീവിക്കാം. മരണം കഴിഞ്ഞ് എല്ലാം തീർന്നെന്ന് ചിന്തിക്കുന്നവർ ഓർക്കുക. അങ്ങനെയല്ല, പിന്നീടാണ് നമ്മുടെ ജീവിതം തുടങ്ങുന്നത്. ഭൂമിയിൽ ജീവിക്കുമ്പോൾ മ്ലേച്ഛത വിട്ട് ജീവി ച്ചെങ്കിലേ മരണം കഴിഞ്ഞ് നല്ലത് അനുഭവിക്കാൻ പറ്റൂ. ഒരു പക്ഷേ നല്ലൊരു ശവസംസ്കാരം, വളരെ വളരെ ആർഭാട മായി നടന്നിരിക്കും. അതിൽ യാതൊരു കാര്യവുമില്ലെന്ന് ഓർക്കണം. യൂദാസ് 1: 22, ചിലരെ തീയിൽ നിന്ന് വലിച്ചെടുത്ത് രക്ഷിപ്പീൻ എന്നു പറയുന്നു.

ഇതിന്റെ അർത്ഥം ജീവിച്ചിരിക്കുമ്പോൾ തെറ്റുകൾ മനസ്സിലാക്കി മാനസാന്തരപ്പെടുന്നവർ തീയിൽ നിന്ന് രക്ഷപ്പെടുമെന്നാണ് വചനം പറയുന്നത്. അതിനാൽ ഈ സത്യവചനങ്ങൾ ഒരി യ്ക്കലും അവഗണിക്കാതിരിക്കുക 1 യോഹന്നാൻ 2: 25 ഇതാകുന്നു അവൻ നമുക്ക് തന്ന വാഗ്ദത്തം, നിത്യജീവൻ. ഈ വാഗ്ദത്തം യേശുക്രിസ്തു നമുക്കു തരും എന്നു വിശ്വസിക്കുക. പാപം ഉപേക്ഷിക്കുക. അപ്പോൾ സ്വർഗ്ഗം സന്തോഷിക്കും. ഒരു പാപി രക്ഷപ്പെടുമ്പോൾ സ്വർഗ്ഗ ത്തിലെ ദൂതന്മാർ, ആർപ്പോടെ സന്തോഷിക്കും. പിശാച് അപ്പോൾ കരയും, അവന്റെ കെണി യിൽപ്പെടുത്താൻ കഴിയാത്തതിൽ.

പല ദൈവമക്കൾക്കും ഇന്ന് സ്വർഗ്ഗവും നരകവും അവിടുത്തെ അവസ്ഥകളും കാണിച്ചുകൊടു ക്കുന്നു. ദൈവവചനം പറയുന്നതുപോലെ തന്നെയാണെന്നുള്ളതിൽ ഒട്ടും കള്ളമില്ല. എത്രയോ കൊലപ്പുള്ളികൾ, മോഷ്ടാക്കൾ, ഇതിനോടകം സ്വർഗ്ഗരാജ്യത്തിൽ പ്രവേശിച്ചുകൊണ്ടിരിക്കു ന്നു.

വേദപുസ്തകത്തിൽ വായിച്ചുനോക്കുക –

മാർക്കോസ് 10: 30;
യോഹന്നാൽ 3:15;
അപ്പോസ്തല പ്രവൃത്തികൾ 13: 48;
റോമർ 2: 7;
1 യോഹന്നാൻ 3: 15;
1 യോഹന്നാൻ 5: 13;
ലൂക്കോസ് 10: 25;
മർക്കോസ് 10: 17;
മത്തായി 25: 46;
1 തീമോത്തിയോസ് 6: 19;
റോമർ 6: 23;
യോഹന്നാൻ 17: 3;
യോഹന്നാൻ 6 : 68;
യോഹന്നാൻ 4: 36;
വായിക്കുക. ചിന്തിക്കുക. ഒട്ടും നിസ്സാരമായി കരുതരുത്.

ദാൻ, യാക്കോബിന്റെ മകനാണ്. യാക്കോബ് മരണശയ്യയിൽ മക്കളെ അനുഗ്രഹിക്കുമ്പോൾ ദാനെയും അനുഗ്രഹിച്ചു കാണും. എന്നാൽ നിത്യതയിൽ മുദ്രയിട്ടവരുടെ ലിസ്റ്റിൽ ദാൻ ഗോത്ര മില്ല. സ്വന്തം പിതാവ് ദാനെ കുറിച്ച് മുഖം നോക്കാതെ പറഞ്ഞ വാക്കുകൾ ദാൻ തെല്ലും ഗൗനി

ച്ചില്ല. ദൈവവചനം സത്യമാണെന്ന് സ്വന്തം അപ്പൻ കൂടി നന്നായി അറിഞ്ഞിട്ടും ശ്രദ്ധ കൊടുത്തില്ല. അതിനാൽ നിത്യത കിട്ടിയില്ലെന്ന് ബൈബിൾ വ്യക്തമാക്കുന്നു.

പരിശുദ്ധാത്മാവിന്റെ ശാസന ലഭിക്കുന്നത് വാസ്തവതത്തിൽ ഒരു ഭാഗ്യമാണ്. സങ്കീർത്തനങ്ങൾ 141: 5 ഇങ്ങനെ പറയുന്നു. ‘‘നീതിമാൻ എന്നെ ശാസിക്കുന്നത് എന്റെ തലയ്ക്ക് എണ്ണ, നീതിമാൻ എന്നെ അടിയ്ക്കുന്നത് ദയ’’. ദാന് വചനം ലഭിച്ചതാണ്. അതിന് ചെവി കൊടുത്തിരുന്നെങ്കിൽ നിത്യത കരസ്ഥമാക്കാമായരുന്നു. മുദ്രയേറ്റവരുടെ കൂട്ടത്തിൽ ദാൻ എണ്ണപ്പെടാതിരിക്കാൻ കാരണങ്ങൾ തിരുവചനത്തിൽ കാണാം. ‘‘ദാൻ വഴിയിൽ ഒരു പാമ്പും, പാതയിലൊരു സർപ്പവുമാകുന്നു. അവൻ കുതിരയുടെ കുതികാൽ കടിക്കും. പുറത്ത് കയറിയവൻ മലർന്ന് വീഴും. ഉത്പ്പത്തി 49: 17. പാമ്പിന്റെ വിഷം, പാമ്പിന്റെ ചതിവ്, വഞ്ചനാ സ്വഭാവം ഇതെല്ലാം ദാനിലുണ്ടായിരുന്നു. റോമർ 3: 13 ൽ ‘‘സർപ്പവിഷം അവരുടെ അധരങ്ങൾക്ക് കീഴെയുണ്ട്. പകയും, വിദ്വേഷവും മറച്ചു വയ്ക്കുന്നവർ അതുമൂലം പലരും മലർന്നു വീഴാൻ ഇടയാക്കുന്നു. വഞ്ചനയുള്ളവർ അവർ പാപികളാണെന്ന് അറിയുന്നില്ല.

അതുകൊണ്ട് അവർക്ക് അനുതാപം ലഭിക്കുന്നില്ല. പാമ്പ് സാത്താന്റെ പ്രതീകമാണ്. ഉൽപ്പത്തിയിൽ പാമ്പിന്റെ വിജയം, വെളിപാട് പുസ്തകത്തിൽ പാമ്പിന്റെ പാരാജയം. ഉൽപ്പത്തിയിൽ പാമ്പിന്റെ വിജയം മൂലം മനുഷ്യൻ മരിക്കുന്നു. വെളിപാട് പുസ്തകത്തിൽ പാമ്പിന്റെ പാരാജയം മൂലം മനുഷ്യൻ ജീവിക്കുന്നു.

പഴയ പാമ്പായ പിശാച്, നിന്നിൽ അവകാശം പറയുന്നത് എന്തെങ്കിലും നിന്നിൽ ഉണ്ടെങ്കിൽ അവയെ ഏറ്റു പറയുക. കുഞ്ഞാടിന്റെ രക്തം ഹേതുവായി ജയിക്കാനും നിത്യത അവകാശമാക്കുവാനും സാധിക്കും.

ആ നിത്യജീവിതം സന്തോഷത്തോടെ കഴിയാൻ സാധിക്കും.

ഇത് വായിക്കുന്ന ഓരോരുത്തരും സമയം ഒട്ടും നീട്ടാതെ വന്നു പോയ എല്ലാ കുറവുകളും ഏറ്റു പറഞ്ഞ് പ്രാർത്ഥിക്കുക. വാനമേഘത്തിൽ വീണ്ടെടുപ്പുകാരൻ വരുമ്പോൾ, ആ നിത്യതയിൽ കാണുവാൻ ആഗ്രഹിക്കുക. പ്രാർത്ഥിക്കുക. തീർച്ചയായും കാണപ്പെടും.

Author,
Mrs. Valsa Jacob
KunnumPurathu House
Kollam 691008

Translation in English is also available
Published on March 01, 2011
Nov 05, 2015